JAGRATHA 116

Vol-3 No: 41
08 -12-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## 51 വർഷം പിന്നിടുന്ന സാമൂഹ്യ നീതി നിഷേധം - നാടാർ സമുദായ സംവരണം

വിശന്നു പൊരിയുന്ന കൈയിൽ കിട്ടിയ ഭക്ഷണം ആരോ തട്ടി തെറിപ്പിച്ചപ്പോൾ അതിന്റ പൊരുളറിയാതെ അമ്പരന്ന് ഒന്നുറക്കെ കരയാൻ പോലും സാധിക്കാതെ വിറങ്ങലിച്ചുനിൽക്കുന്ന പാവങ്ങളായ ജനലക്ഷങ്ങൾ! ആരാണിവർ സമ്പൂർണ്ണ സാക്ഷരത അവകാശപ്പെടുന്ന ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനിക്കുന്ന കേരളത്തിലാണിവർ. ഭാരതത്തിന്റെ മഹത്തായ ഭരണഘടന തങ്ങളുടെ സമുദായത്തിന് അർഹമായതെന്ന് ഉറപ്പ് നൽകിയ ഉറപ്പ് നൽകിയ സംവരണാനുകൂല്യം തലമുറകളായി നിഷേധിക്കപ്പെടുന്ന നാടാർ സമുദായാംഗങ്ങളാണിവർ. ഇവർ പ്രധാനമായും തെക്കൻകേരളത്തിൽ അധിവസിക്കുന്നു. എന്നാൽ കേരളത്തിന്റെ മറ്റുഭാഗങ്ങളിലും ചിതറിപാർക്കുന്നു. ഇവർ പല മതങ്ങളിലും വിവിധക്രൈസ്തവ സഭാവിഭാഗങ്ങളിലും ഉൾപ്പെടുന്നു.

നാടാർ സമുദായാംഗങ്ങൾ മതസൗഹാർദ്ദതയ്ക്കും സഹവർത്തിത്വത്തിനും പേരുകേട്ടവരാണ്. ഒരേ വീട്ടിൽ തന്നെ പല മതവിഭാഗങ്ങളിൽപ്പെടുന്ന സഹോദരങ്ങൾ ഒരുമയോടെ വസിക്കുന്നു. ഒരേ വിട്ടിൽ താമസിക്കുന്ന ഒരേ മാതാപിതാക്കളുടെ മക്കളിൽ ചിലർക്ക് സംവരണാനുകൂല്യം ലഭിക്കുന്നു. മറ്റുചിലർക്ക് അത് നിഷേധിക്കപ്പെടുന്നു. എന്തൊരു വൈരുധ്യം? എന്തൊരു അനീതി? എന്താണ് ഇതിനു കാരണം? ഭാരതത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യമനുസരിച്ച് ഒരോരുത്തനും അവനവന്റെ മനസാക്ഷി അനുസരിച്ചുള്ള മതവും സഭയും തെരഞ്ഞെടുത്തിരിക്കുന്നു. ഒരേ സമുദായത്തിലും ഒരേ കുടുംബത്തിലും ഒരേ വീട്ടിലും പെട്ടവർക്ക് അവരവരുടെ മനസ്സാക്ഷി അനുസരിച്ച് തിരഞ്ഞെടുത്ത മതത്തിന്റേയും സഭാസമൂഹത്തിന്റേയും അടിസ്ഥാനത്തിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. നാടാർ സമുദായത്തിൽപ്പെട്ടവരായിട്ടും തങ്ങൾ ചില പ്രത്യേക മതത്തിലും സഭാസമൂഹത്തിലും പെട്ടവരായതുകൊണ്ട് മുഖ്യധാരാസമൂഹങ്ങളോടു ചേർന്ന് രാഷ്ട്രപുനനിർമ്മിതിയിൽ പങ്കാളികളാകാനുള്ള തങ്ങളുടെ ഭരണഘടനാപരമായ അവകാശവും അർഹതയും നിഷേധിക്കപ്പെട്ടിരിക്കുന്നു.

നൂറ്റാണ്ടുകളായുള്ള അവഗണനയും അസ്പർശതയും അടിച്ചമർത്തലും അനുഭവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അടർത്തി മാറ്റപ്പെട്ട് അവശതയനുഭവിച്ചിരുന്ന സമൂഹങ്ങളേയും സമുദായങ്ങളേയും വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും ഉയർത്തുവാനും വർഗ്ഗ വർണ്ണ ലിംഗ മത സമുദായ രാഷ്ട്രീയ ഭേദമെന്യേ രാഷ്ട്രത്തിന്റെ മുഖ്യധാരയിൽ എത്തിച്ച് രാഷ്ട്രപുനഃനിർമ്മാണപ്രക്രിയയിൽ

പങ്കാളികളാക്കാനുമായി ഭാരതത്തിന്റെ ഭരണഘടനയുടെ പതിനാറാം വകുപ്പ് ഉറപ്പ് വരുത്തിയിട്ടുള്ള അവകാശമാണല്ലോ സംവരണം. അർഹതപ്പെട്ട എല്ലാവർക്കും ഈ അവകാശം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ഭരണനേതൃത്വം നാടാർ സമുദായത്തിലെ ചില വിഭാഗങ്ങൾക്ക് നേരെ ദശകങ്ങളായി മുഖം തിരിച്ചിരിക്കുന്ന ക്രൂരതയിലേക്കൊരു എത്തി നോട്ടമാണ് ഈ ലേഖനം.

തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടപ്പോൾ സമുദായാംഗങ്ങളുടെ പിന്നോക്കാവസ്ഥ പഠിച്ച് പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ ഭരണഘടനാനുസൃതമായി സർക്കാർ ഒരു കമ്മീഷനെ നിയോഗിച്ചു. ആ കമ്മീഷന്റെ ശുപാർശ പ്രകാരം S2-15238/50/CS dated 17-09-1952 എന്ന ഉത്തരവിലൂടെ നാടാർ ക്രിസ്ത്യാനികൾക്ക് സംവരണം അനുവദിച്ചു. ഈ ഉത്തരവിൻ പ്രകാരം (ഹിന്ദു നാടാർ, എസ്സ് ഐ യു സി, ലാറ്റിൻ കാത്തലിക് )മറ്റു ക്രിസ്ത്യാനികൾ എന്ന ക്രമത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. മറ്റു ക്രിസ്ത്യനികൾ എന്നതിൽ ഒഴിവുകൾ നികത്തുന്നതിന്റെ ക്രമവും ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. മത ഉപ വിഭാഗ പരിഗണന കൂടാതെ നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാവകാശം ലഭിച്ചു പോന്നു. ഭരണഘടനയുടെ വകുപ്പ് 16 പ്രകാരം ജാതി അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി പുറപ്പെടുവിച്ചതാണ് മേൽ സൂചിപ്പിച്ച 1952 ലെ ഉത്തരവ്. കേരളസംസ്ഥാനം രൂപീകൃതമായി ഒരു വർഷം തികയും മുമ്പ് യാതൊരു വിധ ശാസ്ത്രീയപഠനം നടത്താതെയും സമുദായാംഗങ്ങളുടെ ഭാഗം കേൾക്കാതെയും വെറുമൊരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ (Order R.Dis.No.26706/57 PD dtd 14-12-1957) നാടാർ സമുദായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ക്രൈസ്തവർ സംവരണാവകാശം അനുഭവിക്കുന്നവരുടെ പട്ടികയിൽ നിന്നും പുറത്താക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനാനുസൃതമായി തയ്യാറാക്കിയ നിവിലിരുന്ന ലിസ്റ്റിൽ നിന്നാണ് മലങ്കര കാത്തലിക് നാടാർ, ഈ.സി.ഐ, മാർത്തോമ്മ, സീറോ മലബാർ, വിവിധ പന്തക്കോസ്തുവിഭാഗങ്ങൾ തുടങ്ങി മുപ്പതോളം ഉപവിഭാഗങ്ങളിലുൾപ്പെട്ടിരുന്ന നാടാർ സമുദായാംഗങ്ങൾക്ക് അവകാശങ്ങൾ നഷ്ടപ്പെട്ടത്. അന്ന് ഫലപ്രദമായി പ്രതികരിക്കാൻ സമുദായാംഗങ്ങൾക്ക് ശേഷിയില്ലാതെപോയി. ഇതാണ് സത്യമെന്നിരിക്കിലും നാടാർ സമുദായത്തിലുള്ള ഹിന്ദു വിഭാഗത്തിനും എസ് ഐ യു സി , ലാറ്റിൻകാത്തലിക് എന്നീ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും സംവരണം ലഭിക്കുന്നു. ക്രൈസ്തവവിഭാഗത്തിൽ ഒരു പൊതുനിരത്തിന്റെ ഒരുവശത്തിരിക്കുന്ന പള്ളിയിൽ പോകുന്ന ആളിന് സംവരണം ലഭിക്കുമ്പാൾ അതേവീട്ടിൽ നിന്നുതന്നെ നിരത്തിന്റെ മറുഭാഗത്തിരിക്കുന്ന പള്ളിയിൽ പോകുന്ന ആളിന് സംവരണം ലഭിക്കുന്നില്ല. ഒരേ വീട്ടിൽതന്നെയുണ്ട് അമ്പലത്തിൽ പോകുന്നയാളും സിഎസ് ഐ പള്ളിയിൽ പോകുന്നയാളും ലാറ്റിൻ കാത്തലിക് പള്ളിയിൽ പോകുന്നയാളും മലങ്കര പള്ളിയിൽ പോകുന്നയാളും പെന്തകോസ്തു പള്ളിയിൽ പോകുന്നയാളും. കൂടാതെ യഹൂദമതം സ്വീകരിച്ചവരുമുണ്ട്. ഈ സമുദായത്തിൽ ആദ്യത്തെ മൂന്നു കൂട്ടരെ പിന്നോക്കക്കാരായി പരിഗണിച്ച് സംവരണം നൽകുമ്പാൾ മറ്റുള്ളവർ മുന്നോക്കക്കാരായി ഗണിക്കപ്പെടുന്നു. ഇത് സാമൂഹ്യ നീതിയുടെ നിഷേധമാണ്.

കേരളത്തിൽ നാടാർ സമുദായമൊന്നാകെ പിന്നോക്കവിഭാഗമാണെന്ന് കേരളസർക്കാർതന്നെ O.P. No. 7870/1988- ൽ കേരളഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സമ്മതിച്ചിട്ടുണ്ട്. മണ്ഡൽകമ്മീഷൻ ശുപർശചെയ്ത ഒബിസി ലിസ്റ്റിൽ ക്രമ നമ്പർ 134 നാടാർ എന്നാണ്. ഏതെങ്കിലും ഉപവിഭാഗങ്ങളെപ്പറ്റി പരാമർശിച്ചിട്ടേയില്ല. ഈ സമുദായം Depressed Backward Class ആയി മണ്ഡൽ കമ്മീഷൻ കണ്ടെത്തി അംഗീകരിച്ചിട്ടുണ്ട് (ക്രമനമ്പർ 82). കേന്ദ്രപിന്നോക്ക കമ്മീഷൻ അനേകവർഷം പഠനം നടത്തി സമർപ്പിച്ച പിന്നോക്കവിഭാഗ ലിസ്റ്റിൽ കേരളത്തിലെ എല്ലാ ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട നാടാരെയും ഓബിസി ലിസ്റ്റിൽ പെടുത്തിയിട്ടുണ്ട് (ക്രമനമ്പർ 42). കേന്ദ്രസർക്കാർ എല്ലാ നാടാരെയും പിന്നോക്കമായി പ്രഖ്യാപിച്ചിട്ടുണ്ട്. The Gazette of India, Extra ordinay , Part 1, Section 1, No. 71 dated 4-4-2000

നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലും ഹിന്ദു നാടാരെയും ക്രൈസ്തവവിഭാഗ ത്തിൽപ്പെടുന്ന എല്ലാ നാടാരെയും പിന്നോക്കമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഒരേ ആൾക്ക് തന്നെ ഒരേ വില്ലേജാഫീസിൽനിന്ന് രണ്ടുതരം ജാതി സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ നൽകുന്നത്. ഉദാ. മല ങ്കര കത്തോലിക്കവിഭാഗത്തിൽപെട്ട ഒരാൾക്ക് ഉദ്യോഗത്തിന് കേന്ദ്രസർക്കാർ സ്ഥാപനമായ ഏജീസ് ഓഫീ സിലേക്ക് അപേക്ഷിക്കാൻ ഓ.ബി.സി വിഭാഗത്തിൽപ്പെടുത്തി Non- Creamy layer സർട്ടിഫിക്കറ്റ് നൽകുമ്പോൾ തൊട്ടടുത്ത ഗവ. സെക്രട്ടറിയറ്റിലേക്ക് അപേക്ഷിക്കാൻ മുന്നോക്കക്കാരനാണെന്ന ജാതി സർട്ടിഫിക്കറ്റാണ് നൽകുന്നത്. ആ തരത്തിലാണ് അപേക്ഷകളും പൂരിപ്പിക്കേണ്ടത്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കപ്പെട ണം. ഈ അനീതി അവസാനിപ്പിക്കണം.

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ നിന്ന് ഒരുകാര്യം പകൽ പോലെ വ്യക്തമാണ്. കേരളസംസ്ഥാനം രൂപം കൊണ്ടതിനു മുമ്പും അതിനുശേഷവും നാടാർ സമുദായം സംവരണ അവകാശം അനുഭവിക്കുന്ന സമുദായ മാണ്. സമുദായത്തിലെ ഹിന്ദുവിനും ക്രിസ്ത്യാനിക്കും സംവരണം ലഭിക്കുന്നുണ്ട്. എന്നാൽ എല്ലാവർക്കും ലഭിക്കുന്നില്ല. ഇത് സ്വാഭാവികനീതിയുടെ (natural justice)ലംഘനമാണ്. ഇത് മനുഷ്യാവകാശലംഘനമാണ്. ഭരണനിയമ നീതിന്യായവ്യവസ്ഥയുടെ പരിപാലകസ്ഥാപനങ്ങൾ ഇത് കാണാതിരിക്കുന്നത് അനീതിയാണ്. നാടാർ സമൂഹത്തിനുള്ള സംവരണാനുകൂല്യം സമുദായത്തിലെ എല്ലാവർക്കും ഒരു പോലെ ലഭ്യമാകണം ഇപ്പോൾ സംവരണാനുകൂല്യം ലഭിക്കുന്ന നാടാർ സമുദായത്തിലെ ആരോടും ഞങ്ങൾക്ക് പരാതിയോ പരി ഭവമോ ഇല്ല. എന്നാൽ നാടാർ വിഭാഗത്തിലെ എല്ലാവർക്കും നിങ്ങളനുഭവിക്കുന്ന ആനുകൂല്യം ലഭിക്കുവാൻ നിങ്ങളും ഞങ്ങളെ സഹായിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അത് തന്നെയാണ് മലങ്കര കാത്തോലിക്ക നാടാർ മൂവ്മെന്റ് സമൂഹമധ്യേ ഉന്നയിക്കുന്നതും ഗവൺമെന്റിനോടാവശ്യപ്പെടുന്നതും. നാടാർ സംവരണം സമുദായത്തിലെ എല്ലാവർക്കും ലഭ്യമാക്കുക, അത് ഉറപ്പാക്കുക. ഭാരതത്തിന്റെ ഭരണഘടന ഉയർത്തിപിടി ക്കുന്ന സമത്വവും തുല്യ നീതിയും നാടാർ സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുക.

**(പി. പൗലോസ്, സെക്രട്ടറി, മലങ്കര കാത്തോലിക്കനാടാർ മൂവ്മെന്റ്)**

## കാതോലിക്കാബാവ മുഖ്യമന്ത്രിയെ കണ്ടു

നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് മലങ്കരസഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം നൽകി. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ളിഫ് ഹൗസിലായിരുന്നു കൂടിക്കാഴ്ച. ഇരുപതു മിനിറ്റോളം നീണ്ടുനിന്ന കൂടിക്കാഴ്ചയിൽ ഒരു ലക്ഷം പേർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിക്ക് നൽകി. അനുകൂല തീരുമാനം ഉണ്ടാകുമെന്നു തന്നെയാണ് കരുതുന്നതെന്ന് കൂടിക്കാഴ്ചയ്ക്കുശേഷം കാതോലിക്കാബാവ മാധ്യമ പ്രവർത്തകരോടു പറഞ്ഞു. കേന്ദ്രസർക്കാർ കൂടി ഇടപെടേണ്ട കാര്യമായതിനാൽ മറ്റുവശങ്ങൾ കൂടി പഠിച്ച ശേഷമേ തീരുമാനം എടുക്കാൻ കഴിയൂ എന്നു പറഞ്ഞതായും വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായും കാതോലിക്കാബാവ പറഞ്ഞു. കുറച്ചു പേർക്കുമാത്രം ആനുകൂല്യങ്ങൾ നൽകാനുള്ള തീരുമാനത്തിനു പിന്നിൽ ഭിന്നിപ്പിക്കാനുള്ള ശ്രമം ഉള്ളതായി കരുതുന്നില്ലെന്നും സംവരണം ലഭിക്കാത്തവർക്ക് ലഭിച്ചവരോട് എതിർപ്പില്ല എന്നും ഒരു ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറഞ്ഞു. കാതോലിക്കാബാവയോടൊപ്പം മുഖ്യ വികാരി ജനറാൾ മോൺ. ജയിംസ് പാറവിള, മോൺ. ഡോ. സാമുവൽ കാട്ടുകല്ലിൽ, ഫാ.ബോവസ് മാത്യു മേലൂർ, സമര സമിതി കൺവീനർമാരായ സി.എസ്.കുമാർ, പി.പൗലോസ്, ധർമരാജ് പിൻകുളം, സുദർശനൻ മുല്ലൂർ, എംസിഎ അതിരൂപതാ പ്രസിഡന്റ് തോമസ് ചെറിയാൻ, എംസിവൈഎം അതിരൂപതാ പ്രസിഡന്റ് അജി ഡാനിയേൽ തുടങ്ങിയവരും ഉണ്ടായിരുന്നു.

## നാടാർ സമുദായത്തിന് സാമൂഹ്യനീതി നിഷേധിക്കരുത്: കെസിബിസി ജാഗ്രതാസമിതി

നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യം നൽകിക്കൊണ്ട് തുല്യ സാമൂഹ്യ നീതി ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് കെസിബിസി ജാഗ്രതാസമിതി ആവശ്യപ്പെട്ടു. നാടാർ സമുദായത്തിലെ കുറച്ചുപേർക്കുമാത്രം സംവരണാനുകൂല്യങ്ങൾ നൽകുവാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്വാഭാവികനീതിയുടെ ലംഘനമാണെന്ന് കെസിബിസി ജാഗ്രതാസമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസപരവും സാമുദായികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന നാടാർ സമുദായത്തിൽപെട്ടവർ ക്രൈസ്തവമതത്തിൽപെട്ടതുകൊണ്ടുമാത്രം സംവരണാനുകൂല്യങ്ങൾ നിഷേധിക്കുന്നത് സാമൂഹ്യ അനീതിയാണ്. ചില പ്രത്യേക മതത്തിലും സമുദായത്തിലും പെട്ടവരെ അവഗണിക്കുകയും ഭരണഘടന നൽകുന്ന അവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്നത് ശരിയല്ല. പാർശ്വവത്ക്കരിക്കപ്പെട്ട നാടാർ ക്രൈസ്തവരുടെ അവസ്ഥ മനസ്സിലാക്കുവാനും നാടാർ സമുദായത്തിലെ എല്ലാവർക്കും തുല്യ സംവരണാനുകൂല്യങ്ങൾ ഉറപ്പു വരുത്തുവാനും സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ജാഗ്രതാ സമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.